പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1916 | 17.03.2015-ൽ മറുപടിക്ക്.

## വിക്ടിം കോമ്പൻസേഷൻ സ്കീം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ. ടി.വി. രാജേഷ്<br>ശ്രീ.പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) വിക്ടിം കോമ്പൻസേഷൻ സ്കീം ഫണ്ട് വിനിയോഗം സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ; ഇതിനായി നടപ്പ് വർഷം ബജറ്റിൽ വകയിരുത്തിയ തുക എത്രയെന്ന് അറിയിക്കാമോ; | : (എ) ഫണ്ട് വിനിയോഗം സംബന്ധിച്ച വ്യവസ്ഥകൾ/ നിയമം രൂപീകരിക്കുന്നതിനായുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചു വരികയാണ്. നടപ്പ് സാമ്പത്തിക വർഷം 25 ലക്ഷം രൂപ ഈ പദ്ധതിയുടെ നടത്തിപ്പിനായി അനുവദിച്ചിട്ടുണ്ട്. |
| (ബി) പീഡിതരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച മാനദണ്ഡം വെളിപ്പെടുത്താമോ; ഏതെല്ലാം തരത്തിലുള്ള പീഢിതരാണ് നഷ്ടപരിഹാരത്തിന് അർഹരായിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | : (ബി) ഈ പദ്ധതിയുടെ സെക്ഷൻ 4 പ്രകാരം കുറ്റകൃത്യത്തിന് ഇരയാകുന്നവർക്കോ അവരുടെ ആശ്രിതർക്കോ താഴെപ്പറയുന്ന സാഹചര്യങ്ങളിൽ നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.<br>(a) Cr.PC സെക്ഷൻ 357 A സബ് സെക്ഷൻ (2), (3) അനുസരിച്ച് കോടതി ശുപാർശ ചെയ്തിരിക്കണം.<br>(b) Cr.PC സെക്ഷൻ 357 അനുസരിച്ചുള്ള നഷ്ടപരിഹാരം ഇരയുടെ പുനഃരധിവാസത്തിന് അപര്യാപ്തമായി തീരുന്ന സാഹചര്യത്തിലും, കുറ്റവാളി കുറ്റവിമുക്തമാക്കപ്പെടുകയും, ഇരകൾക്ക് പുനഃരധിവാസം ആവശ്യമായി വരികയും ചെയ്യുന്ന സാഹചര്യം ഉണ്ടായിരിക്കുകയും വേണം.<br>(c) കുറ്റവാളിയെ തിരിച്ചറിയാതിരിക്കുകയോ/ കണ്ടെത്താതിരിക്കുകയോ ചെയ്യുകയും ഇരയെ തിരിച്ചറിയുകയും അവരുടെ പുനരധിവാസം ആവശ്യമായി വരികയും ചെയ്യുന്ന സാഹചര്യം നിലവിലുണ്ടായിരിക്കണം. |

(d) കേന്ദ്ര സംസ്ഥാന ഉദ്യോഗസ്ഥർ ബോർഡുകൾ, കോർപ്പറേഷനുകൾ, പൊതുമേഖലാസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ കൂടാതെ കുടുംബ വരുമാനം ക്രീമിലേയർ പരിധി അധികരിച്ചിട്ടുള്ളവർക്കും ഈ പദ്ധതിപ്രകാരം നഷ്ടപരിഹാരം ലഭിക്കുവാൻ അർഹരല്ല.

കൂടാതെ സംസ്ഥാനത്തിനകത്ത് നടക്കുന്ന കുറ്റകൃത്യങ്ങൾക്ക മാത്രമേ ഈ പദ്ധതി പ്രകാരം നഷ്ടപരിഹാരം ലഭിക്കുകയുള്ളൂ. എന്നാൽ സംസ്ഥാനത്തിന് വെളിയിൽ കുറ്റകൃത്യം നടക്കുകയും ഇരയെ സംസ്ഥാനത്തിനകത്ത് കണ്ടെത്തപ്പെടുകയും ചെയ്താൽ സി.ആർ.പി.സി 357 എ Sub Section (6) പ്രകാരം ഇടക്കാല ആശ്വാസം ലഭിക്കുവാൻ അർഹതയുണ്ടായിരിക്കും;

അനുബന്ധമായി നൽകിയിട്ടുള്ള പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്ന കുറ്റകൃത്യങ്ങൾക്കാണ് ഈ പദ്ധതിപ്രകാരം നഷ്ടപരിഹാരം നൽകുന്നത്.

(സി) സംസ്ഥാനത്ത് എത്ര പീഡിതർക്കും ആശ്രിതർക്കും ജീവൻ നഷ്ടപ്പെട്ടവർക്കും അർഹതപ്പെട്ട വിക്ടിം കോമ്പൻസേഷൻ നൽകുവാൻ ബാക്കി നില്പുണ്ടെന്നു വിശദമാക്കാമോ;

(ഡി) ഏതെല്ലാം തരത്തിൽ പീഡിപ്പിക്കപ്പെട്ട ഇരകൾക്കാണ് ഇതിനകം നഷ്ടപരിഹാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

: (സിയും, ഡിയും) ഈ പദ്ധതിപ്രകാരം ഇതുവരെ ആർക്കും നഷ്ടപരിഹാരം നൽകിയിട്ടില്ലാത്തതാണ്.

Hema V

സെക്ഷൻ ഓഫീസർ

അനുബന്ധം.

## COMPENSTION TO VICTIMS FOR INJURY/LOSS

| Sl.No | Description of Injury/loss | Amount of compensation |
|---|---|---|
| 1 | Death | Maximum upto Rs. 5 lakhs |
| 2 | Culpable homicide not amounting to murder | Maximum upto Rs. 3 lakhs |
| 3 | Causing death by negligence | Maximum upto Rs. 2 lakhs |
| 4 | Dowry related violence | Maximum upto Rs. 2 lakhs |
| 5 | Permanent Disability (80% or more) | Maximum upto Rs. 3 lakhs |
| 6 | Partial Disability (40% to 80%) | Maximum upto Rs. 1 lakh |
| 7 | Burns affecting greater than 25% of the body | Maximum upto Rs. 2 lakhs |
| 8 | Burns affecting less than 25% of the body | Maximum upto Rs.20,000/- |
| 9 | Loss of foetus | Maximum upto Rs. 50,000/- |
| 10 | Physical abuse of minor | Maximum upto Rs. 50,000/- |
| 11 | Rape | Maximum upto Rs. 3 lakhs |
| 12 | Sexual assault | Maximum upto Rs. 50,000/- |
| 13 | Fracture/dislocations | Maximum upto Rs. 1.5 lakhs |
| 14 | Injury resulting in surgery/serious damage to vital organs | Maximum upto Rs. 2 lakhs |
| 15 | Loss of fertility | Maximum upto Rs. 1.5 lakhs |
| 16 | Major injuries not specified otherwise | Maximum upto Rs. 50,000/- |
| 17 | Minor injuries not specified otherwise | Maximum upto Rs. 25,000/- |
| 18 | Acid Attack (Disfigurement of greater than 40%) | Maximum upto Rs. 3 lakhs |
| 19 | Acid Attack (Disfigurement of less than 40%) | Maximum upto Rs. 1 lakh |
| 20 | Rehabilitation (in addition to 1 to 19 above) | Maximum upto Rs. 1 lakh |

Rema.V
സെക്ഷൻ ഓഫീസർ